**പതിനാലാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **.64** 28-01-2019 -ൽ മറുപടി നൽകേണ്ടിയിരുന്നത്

## പ്രളയത്തിൽ തകർന്ന വീടുകളുടെ പുനർനിർമ്മാണം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. യു.ആർ. പ്രദീപ്** | | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| എ) | 2018 ൽ ഉണ്ടായ മഹാപ്രളയത്തിൽ സംസ്ഥാനത്ത് എത്ര വീടുകൾ വെള്ളം കയറിയും, മരങ്ങൾ വീണും തകർന്ന് വാസയോഗ്യമല്ലാതായിട്ടുണ്ടെന്ന് അറിയിക്കാമോ; | എ) | 13362 വീടുകളാണ് പൂർണ്ണമായി തകരുകയോ വാസയോഗ്യമല്ലാതായി മാറുകയോ ചെയ്തത്. |
| ബി) | ഇവ പുനർനിർമ്മിച്ച് നൽകുന്നതിന് എത്രകോടി രൂപ ചെലവുവരുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കാമോ; | ബി) | തകർന്ന വീടുകൾ പുനർനിർമ്മിക്കുന്നതിന് 1,611.85 കോടി രൂപ ആവശ്യമാണ്. |
| സി) | ഇതിനകം എത്ര വീടുകൾ പുനർനിർമ്മിക്കാൻ നടപടികൾ ആയിട്ടുണ്ടെന്ന് അറിയിക്കാമോ; | സി) & ഡി) | ദുരന്തത്തിൽ തകർന്നുപോയ വീടുകളുടെ പുനർനിർമ്മാണത്തിനുള്ള മിനിമം റിലീഫ് കോഡ് സംസ്ഥാന സർക്കാർ നിർണ്ണയിച്ചിട്ടുണ്ട്. നാശനഷ്ടത്തിന്റെ തോത് അനുസരിച്ച് 15%, 16-29%, 30-59%, 60-74%, 75 ശതമാനത്തിന് മേലെ എന്നിങ്ങനെ അഞ്ച് വിഭാഗമായി തിരിച്ച് ഓരോ വിഭാഗത്തിലും ധനസഹായ നിരക്കുകൾ യഥാക്രമം 10,000 രൂപ 60,000 രൂപ, 1,25,000 രൂപ 2,50,000 രൂപ, 4,00,000 രൂപ എന്നിങ്ങനെയാണ് നിശ്ചയിച്ചിട്ടുള്ളത്. സ്ഥലം നഷ്ടപ്പെട്ടവർക്ക് കേരളത്തിൽ സ്വന്തമായി സ്ഥലമില്ലെങ്കിലോ നിലവിലെ സ്ഥലം വീട് നിർമ്മാണത്തിന് അനുയോജ്യമല്ലെങ്കിലോ സ്ഥലം വാങ്ങുന്നതിനായി 6,00,000 രൂപയോ പ്രമാണത്തിനുള്ള തുകയോ ഏതാണോ കുറവ് ആ തുക അനുവദിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. പൂർണ്ണമായി തകർന്നതോ, 75 ശതമാനത്തിലധികമോ തകർച്ച നേരിടുകയും വാസയോഗ്യമല്ലാതാവുകയും ചെയ്ത വീടുകളുടെ പുനർനിർമ്മാണത്തിന് നൽകുന്ന 4,00,000 രൂപയിൽ മലയോര മേഖലയിൽ 1,01,900 രൂപയും സമതലത്തിൽ 95,100 രൂപയുമാണ് കേന്ദ്ര സർക്കാർ നൽകുന്നത്. ബാക്കി തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നാണ് നൽകുന്നത്.<br>പ്രളയത്തിൽ പൂർണ്ണമായി തകർന്ന 13,362 |
| ഡി) | സമയബന്ധിതമായി വീടുകൾ പുനർനിർമ്മിച്ച് നൽകുന്നതിന് ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെ യാണ്; വിശദീകരിക്കാമോ? | | |

| | | | |
|---|---|---|---|
| | | | വീടുകളിൽ 7,478 വീടുകൾ പുനർനിർമ്മിക്കുന്നതിന് ആദ്യ ഗഡു സഹായം വിതരണം ചെയ്തു. പൂർണ്ണമായി തകർന്ന വീടുകൾ സ്വയം പുനർനിർമ്മിക്കാൻ തയ്യാറായി വന്നവരുടെ എണ്ണം 8,020 ആണ്. പൂർണ്ണമായി തകർന്ന 1,888 വീടുകൾ കെയർഹോം പദ്ധതി അനുസരിച്ച് പുനർനിർമ്മിക്കും. ഇതിൽ 1,509 പേർക്ക് ആദ്യ ഗഡു വിതരണം ചെയ്തു.<br>ഭാഗികമായി തകർന്ന 2,42,602 വീടുകളാണ്. ഇതിൽ 15% കേടുപാടുകൾ സംഭവിച്ച വീടുകളുടെ എണ്ണം 1,27,781 ആണ്. ഈ വിഭാഗത്തിൽപ്പെട്ട വീടുകൾ നന്നാക്കുന്നതിന് 10,000 രൂപ വീതമുള്ള സഹായം 81,923 പേർക്ക് വിതരണം ചെയ്തു. 16 മുതൽ 29% വരെയുള്ള നാശം സംഭവിച്ച 63,307 വീടുകളിൽ 32,242 വീടുകൾക്ക് 60,000 രൂപാ വീതം ഇതിനകം വിതരണം ചെയ്തു. 30 മുതൽ 59% വരെ നാശം സംഭവിച്ച 35,446 വീടുകളിൽ 4,346 വീടുകൾക്ക് ആദ്യ ഗഡു വിതരണം ചെയ്തു. 60 മുതൽ 74% വരെ നാശം സംഭവിച്ച 16,068 വീടുകളിൽ 2,754 വീടുകൾക്ക് ആദ്യ ഗഡു നൽകിക്കഴിഞ്ഞു.<br>സുരക്ഷിത കൂടൊരുക്കാം കേരളം എന്ന പേരിൽ ബ്ലോക്ക് തലത്തിലും നഗരസഭാതലത്തിലും ഭവന നിർമ്മാണ സഹായ കേന്ദ്രങ്ങളും ആരംഭിക്കാൻ ഉത്തരവ് പുറപ്പെടുവിച്ചു. ലൈഫ് മിഷനാണ് ഈ കേന്ദ്രത്തിന്റെ നടത്തിപ്പ് ചുമതല. |

സെക്ഷൻ ഓഫീസർ